സർവ്വ സ്തുതിയും ഏകനായ അല്ലാഹുവിനത്രെ. അവൻെറ ദാസനും ദൂതനുമായ മുഹമ്മദ് നബി(സ)യിൽ അനുഗ്രഹാശിസുകൾ വർഷിക്കട്ടെ. കുഴപ്പങ്ങളും, ബുദ്ധിമുട്ടുകളും വർദ്ധിക്കുമ്പോൾ ഓരോ വിശ്വാസി വിശ്വാസിനികളും കൈകൊള്ളേണ്ട ചില കാര്യങ്ങളാണ് താഴെ കൊടുക്കുന്നത്.

1- അല്ലാഹുവിലേക്ക് നിഷ്കളങ്കമായി പശ്ചാതാപിച്ച് മടങ്ങുക. കാരണം പരീക്ഷണങ്ങളിലധികവും ഉണ്ടാകുന്നത് പാപങ്ങൾ മൂലമാണ് അത് യഥാർത്ഥ പശ്ചാതാപം കൊണ്ടല്ലാതെ നീങ്ങിപോകുകയില്ല.

2- അല്ലാഹുവിൻെറ വിധിയിൽ സംതൃപ്തിയടയുക. സൃഷ്ടികളിൽ നടക്കുന്ന ഓരോ സംഭവ വികാസങ്ങളും അല്ലാഹുവിൻെറ ഉദ്ദേശവും മശീഅത്തും അനുസരിച്ചാണെന്നാണ് ഓരോ മുഅ്മിനുകളും വിശ്വസിക്കേണ്ടത്. ഒരു കാര്യവും തന്നെ അല്ലാഹു ബുദ്ധിമുട്ട് മാത്രമുള്ളതായി ഉണ്ടാക്കുന്നില്ല, പ്രത്യക്ഷത്തിൽ തിന്മയാണെന്ന് തോന്നുന്ന ഒരു കാര്യത്തിൽ എത്രയോ നന്മയടങ്ങിയതായി നമുക്ക് പിന്നീട് മനസിലാക്കുവാൻ സാധിക്കാറുണ്ട്. ഉദാഹരണമായി ആഇഷാ(റ)യുടെ പേരിൽ ഉണ്ടായ അപവാദത്തിൽ ഒരുപാട് നന്മയുണ്ടെന്ന് അല്ലാഹു തന്നെ ഖുർആനിൽ പറയുന്നു:

“അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കണക്കാക്കേണ്ട. അല്ല, അത്നിങ്ങൾക്ക് ഗുണകരം തന്നെയാകുന്നു” (നൂർ:11)

“(നിങ്ങൾ മനസ്സിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം” (നിസാഅ്:19)

3- മുസ്ലിം സമുദായത്തിൽ കുഴപ്പങ്ങൾ ഉണ്ടാകുമെന്ന് പ്രവാചക തിരുമേനി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതിൽ നിന്ന് രക്ഷപ്പെടുവാനുള്ള മാർഗം പ്രവചകൻ തന്നെ നിർദ്ദേശിച്ചിട്ടുമുണ്ട്. നബി(സ) പറയുന്നു: “നിങ്ങൾക്ക് രണ്ട് കാര്യം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു, അത് മുറുകെ പിടിക്കുകയാണെങ്കിൽ എനിക്ക് ശേഷം നിങ്ങൾ ഒരിക്കലും വഴിപിഴക്കുകയില്ല. അല്ലാഹുവിൻെറ ഗ്രന്ഥവും, എൻെറ ചര്യയും” നബിതിരുമേനി അരുളുന്നു: “നിങ്ങൾ എൻെറ ചര്യയും, ഖുലഫാഉർറാശിദീങ്ങളുടെ ചര്യയും അണപ്പല്ലുകൾ കൊണ്ട് മുറുകെ പിടിക്കുക. പുത്തനാചാരങ്ങളെ നിങ്ങൾ കരുതിയിരിക്കുക. എല്ലാ പുതുനിർമ്മിതികളും ബിദ്അത്തുകളാണ്, എല്ലാ ബിദ്അത്തുകളും വഴി കേടാകുന്നു” (അബൂദാവൂദ്- അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്) മാത്രമല്ല വിശുദ്ധഖുർആൻ തന്നെ ഇതിലേക്കാണ് വിശ്വാസികളെ ക്ഷണിക്കുന്നത്. അല്ലാഹു പറയുന്നു:“

“ഇനി വല്ലകാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യാവസാനമുള്ളതും” (നിസാഅ്: 59)

4- ഒരു വിശ്വാസി കുഴപ്പങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും, തൻെറ നാവിനെ സൂക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. കുഴപ്പങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനെ പ്രവാചകൻ(സ) താക്കീത് നൽകിയിട്ടുണ്ട്. അബൂഹുറൈറ(റ)വിൽ നിന്നും നിവേദനം: പ്രവാചകൻ(സ) പറയുന്നു: “വരും നാളുകളിൽ കുഴപ്പങ്ങളുണ്ടാവും, അതിൽ ഇരിക്കുന്നവനായിരിക്കും നിൽക്കുന്നവനേക്കാൾ ഉത്തമം, അതിൽ നിൽക്കുന്നവനായിരിക്കും നടക്കുന്നവനേക്കാൾ ഉത്തമം, അതിൽ നടക്കുന്നവനായിരിക്കും അതിന് വേണ്ടി പരിശ്രമിക്കുന്നവനേക്കാൾ ഉത്തമം, ആരെങ്കിലും അതിന് നേതൃത്വം വഹിക്കുകയാണെങ്കിൽ നാം അവനെ നശിപ്പിക്കും, ആർക്കെങ്കിലും അതിൽ നിന്ന് രക്ഷപ്പെടുവാൻ വല്ല അഭയവും, സങ്കേതവും ലഭിക്കുകയാണെങ്കിൽ അവൻ അതിൽ അഭയം പ്രാപക്കട്ടെ” (ബുഖാരി, മുസ്ലിം)



5- കേട്ടുകേൾവിയും, കളവുകളും പ്രചരിപ്പിക്കുന്നതിനെ തൊട്ട് ഓരോ മുസ്ലീങ്ങളും കരുതിയിരിക്കേണ്ടതുണ്ട്. കാരണം അത് സമൂഹത്തിൻെറ മാനസികമായ തകർച്ചക്ക് കാരണമാവും. തോക്കുകളും ബോംബുകളും പീരങ്കികളും വിതക്കുന്നതിനേക്കാൾ കൂടുതൽ നാശം ചിലയാളുകളുടെ വാക്കുകൾ കൊണ്ടുണ്ടാകുന്നതായി നമുക്ക് കാണാനാവും. മാത്രമല്ല ആധുനിക മീഡിയകൾ ശത്രുക്കളുടെ കരങ്ങളിലാണെന്നുള്ളതും അതിന് ആക്കം കൂട്ടുകയും ചെയ്യുന്നു. ആയതിനാൽ ഓരോ വാർത്തകളും പ്രചരിപ്പിക്കുമ്പോൾ അത് സത്യസന്ധമാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

“ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വോഷിച്ചറിയണം” (ഹുജുറാത്ത്: 6) സമൂഹത്തിൽ അധികവും പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാന രഹിതമാണെന്നതിന് കാലം സാക്ഷിയാണ്.

6- പ്രയാസങ്ങളും, കുഴപ്പങ്ങളുമുണ്ടാവുമ്പോൾ മതത്തിൽ അഗാധജ്ഞാനമുള്ള നിശ്കളങ്കരായ പണ്ഡിതന്മാരിലേക്ക് മടങ്ങുകയും, അവരിൽ നിന്ന് താൻ സ്വീകരിക്കേണ്ട നിലപാട് മനസ്സിലാക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

“സമാധാനവുമായോ, (യുദ്ധ)ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിൻെറയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ അത് നിരീക്ഷിച്ച് മനസിലാക്കുവാൻ കഴിവുള്ളവർ അതിൻെറ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു” (നിസാഅ്: 83) കുഴപ്പങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ ഓരോ സമൂഹവും കൈകൊള്ളേണ്ട നിലപാട് തീരുമാനിക്കേണ്ടത് മത നിയമങ്ങളാണ്, ആ തീരുമാനം എടുക്കേണ്ടത് മതപണ്ഡിതരുമാണ്.

7- മുസ്ലിം ജമാഅത്തിനെയും, ഇമാമിനെയും പിൻപറ്റുകയും, അനുസരിക്കുകയും ചെയ്യുക. (ഇസ്ലാമിക ഭരണമില്ലാത്ത നാടുകളിൽ ഖുർആനും തിരുസുന്നത്തും പൂർവ്വസൂരികളുടെ മാതൃകയുമനുസരിച്ച് പ്രബോധനം നടത്തുന്ന സംഘങ്ങളിൽ ചേരുക) പ്രവാചകൻ(സ) അങ്ങിനെയാണ് ഹുദൈഫ(റ)വിന് വസ്വിയത്ത് നൽകുന്നത്. “എനിക്കത് (ഫിത്ന) പിടിപെടുകയാണെങ്കിൽ എന്താണ് ചെയ്യേണ്ടത്, തിരുമേനി അരുളുകയുണ്ടായി നീ മുസ്ലിം ജമാഅത്തിനെയും, ഇമാമിനെയും പിന്തുടരുക, മുസ്ലീങ്ങൾക്ക് അങ്ങിനെ ജമാഅത്തും ഇമാമത്തും ഇല്ലെങ്കിൽ ഞാനെന്ത് ചെയ്യണം? നീ മരിക്കുന്നത് വരെ എല്ലാ വിഭാഗങ്ങളെയും വെടിയണം” (മുസ്ലിം)

8- ഫിത്നയിൽ നിന്നും, അതിൽ അകപ്പെടുന്നതിൽ നിന്നും അല്ലാഹുവിനോട് രക്ഷ ചോദിക്കുക. ഒരു അഥറി(സ്വഹാബികളുടെ വാക്ക്) ൽ വന്നതിപ്രകാരമാണ് ‘സൗഭാഗ്യവാൻ ഫിത്നയിലകപ്പെടാത്തവനാണ്.’

9- ഫിത്നയുടെ സന്ദർഭങ്ങളിൽ എടുത്ത്ചാടാതെ വിവേകവും, ആത്മസംയമനവും പാലിക്കുക. കാരണം ഫിത്നയില്ലാത്ത നാളുകളിൽ തന്നെ ധൃതികൂട്ടൽ നാശത്തിലേക്കാണ് വഴി നടത്തുക. ഒരു അഥറിൽഇപ്രകാരം കാണാനാവും: “എല്ലാ കാര്യങ്ങളിലും സാവധാനം കാണിക്കൽ നന്മയാണ് വരുത്തുക, പരലോകത്തിൻെറ കാര്യത്തിൽ ഒഴിച്ച്”

10- ഫിത്നയുണ്ടാവുന്ന സന്ദർഭങ്ങളിൽ ആരാധനകളും, സൽകർമ്മങ്ങളും അധികരിപ്പിക്കുക. പ്രവാചകതിരുമേനി(സ) പറയുന്നു: “ഫിത്നയുടെ സന്ദർഭത്തിലുള്ള ആരാധന എന്നിലേക്കുള്ള ഹിജ്റ പോലെയാകുന്നു” (മുസ്ലിം)

11- മുസ്ലീങ്ങൾ തമ്മിലുള്ള സഹായ സഹകരണങ്ങൾ നിലനിർത്തുകയും, ഇങ്ങോട്ടു യുദ്ധം ചെയ്യുന്ന അവിശ്വാസികളെ ഉറ്റമിത്രങ്ങളും സഹായികളുമാക്കാതിരിക്കുകയും ചെയ്യുക. കാരണം ഇങ്ങോട്ടു യുദ്ധം ചെയ്യുന്ന ആളുകളോട് ഫിത്ന ഇല്ലാതാക്കുന്നത് വരെ യുദ്ധം ചെയ്യുവാനായി അല്ലാഹു പറയുന്നു:



“കുഴപ്പം ഇല്ലാതാവുകയും മതം മുഴുവൻ അല്ലാഹുവിനു വേണ്ടിയാകുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക” (അൻഫാൽ: 39)

12- പ്രാർത്ഥന അധികരിപ്പിക്കുക, കാരണം പരീക്ഷണങ്ങളും ഫിത്നകളും അല്ലാഹുവിൻെറ അനുമതിപ്രകാരം നീങ്ങിപോകുന്നത് പ്രാർത്ഥന കൊണ്ടാകുന്നു. അത്പോലെ പരീക്ഷണങ്ങൾ ഇറങ്ങുമ്പോൾ പ്രാർത്ഥന അതിനെ തടയുന്നു,. ബുദ്ധിമുട്ടുകളുണ്ടാവുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന: “അല്ലാഹുവെ എൻെറ ഈ പ്രയാസത്തിൽ നീ എനിക്ക് പ്രതിഫലം നൽകേണമേ, അതിനേക്കാൾ ഉത്തമമായതിനെ നീ എനിക്ക് പകരം നൽകേണമേ” ആരെങ്കിലും ഈ പ്രാർത്ഥന പ്രാവർത്തികമാക്കിയാൽ അല്ലാഹു അവന് പ്രതിഫലം നൽകുകയും അതിനേക്കാൾ ഉത്തമമായത് പകരം നൽകുകയും ചെയ്യുന്നതാണ്. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയങ്ങളും സന്ദർഭങ്ങളും കണ്ടെത്തി നാം അവ ഉപയോഗപ്പെടുത്തുകയും, ഉത്തരം ലഭിക്കുന്നതിന് തടസ്സമാകുന്ന കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുക.

13- പരീക്ഷണങ്ങളിൽ ക്ഷമ കൈകൊള്ളുക. ഹദീസിൽ വന്നത് പ്രകാരം ഒരു സത്യവിശ്വാസിക്ക് മുഴുവനും നന്മയാണ്. അവനെ ഒരു സന്തോഷം ബാധിച്ചാൽ അവൻ അതിന് അല്ലാഹുവിനെ സ്തുതിക്കുന്നു, അതവന് നന്മയാണ്. അവന് ഒരു പരീക്ഷണം നേരിട്ടാൽ അവൻ അതിൽ ക്ഷമിക്കുകയും ചെയ്യുന്നു. അതും അവന് നന്മയാണ്. ഇത് ഒരു വിശ്വാസിക്കല്ലാതെ ലഭിക്കുകയില്ല. അല്ലാഹു പറയുന്നു:

“ക്ഷമാശീലർക്ക് തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത്” (സുമർ:10)

ഹദീസിൽ ഇപ്രകാരം കാണാം: “അല്ലാഹുവിനെ കണ്ടെത്തുന്നത് വരെ ഒരു വിശ്വാസിയെ പരീക്ഷണങ്ങൾ ഓരോന്നായി പിടികൂടുകയാണെങ്കിൽ, അവനിൽ പിന്നെ പാപങ്ങളൊന്നും തന്നെ അവശേഷിക്കുകയില്ല” (തിർമദി, അഹ്മദ്)

14- മതത്തിൽ അഗാധജ്ഞാനം നേടുന്നത് അല്ലാഹുവിൻെറ അനുമതിയോടെ ഫിത്നയിൽ നിന്ന് രക്ഷപ്പെടുവാനുള്ള മാർഗമാകുന്നു. അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിക്കുകയാണെങ്കിൽ അവന് മതത്തിൽ അഗാധ പാണ്ഡിത്യം നൽകുന്നതാണെന്ന് ഹദീസിൽ കാണാം. മതത്തിൽ പാണ്ഡിത്യമുള്ളവന് ശത്രുക്കളുടെ കുതന്ത്രങ്ങളും,സജ്ജീകരണങ്ങളും കണ്ടെത്തുവാനും അതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുവാനും അല്ലാഹുവിൻെറ അനുഗ്രഹത്താൽ സാധിക്കുന്നതാണ്.

15- വിശ്വാസികൾക്കിടയിൽ ശാന്തിയും, സമാധാനവും പ്രചരിപ്പിക്കുന്നതോടൊപ്പം സഹായം ലഭിക്കുമെന്നുള്ള പ്രതീക്ഷ ഉളവാക്കുകയും ചെയ്യുക. കാരണം സത്യവിശ്വാസി രണ്ട് സന്തോഷങ്ങൾക്കിടയിലാണ്. ഒന്ന് അല്ലാഹുവിൻെറ സഹായം, മറ്റൊന്ന് അല്ലാഹുവിൻെറ മാർഗത്തിലുള്ള രക്തസാക്ഷിത്വം. അല്ലാഹുപറയുന്നു:

“പറയുക: (രക്തസാക്ഷിത്വം വിജയം എന്നീ) രണ്ടു നല്ല കാര്യങ്ങളിൽ ഏതെങ്കിലും ഒന്നല്ലാതെ ഞങ്ങളുടെ കാര്യത്തിൽ നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ? എന്നാൽ നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ പ്രതീക്ഷിക്കുന്നത് നിങ്ങൾക്ക് അല്ലാഹു തൻെറ പക്കൽനിന്ന് നേരിട്ടോ, ഞങ്ങളുടെകൈക്കോ ശിക്ഷ ഏൽപിക്കും എന്നാണ്. അതിനാൽ നിങ്ങൾ പ്രതീക്ഷിച്ച് കൊള്ളുക. ഞങ്ങളും നിങ്ങളോടൊപ്പം പ്രതീക്ഷിക്കുന്നവരാണ്.”(തൗബ: 52) വിശ്വാസികളുടെ സങ്കേതം അല്ലാഹുവിൻെറ അനുമതിയോടെ സ്വർഗവും, അവിശ്വാസികളുടെ സങ്കേതം നരകവുമാണ്. അവർ മരണത്തെ ഭയപ്പെടുന്നതും, അതിൽ നിന്ന് അവർക്ക് സാധ്യമാകുന്നിടത്തോളം ഓടിയൊളിക്കുന്നതും ഇത്കൊണ്ടാണ്.

16- അല്ലാഹു പ്രകൃതിയിൽ ചിലകാര്യങ്ങൾ നിശ്ചയിച്ചിരിക്കുന്നു, അതിന് യാതൊരു മാറ്റവും ഉണ്ടായിരിക്കുകയില്ലെന്ന് വിശ്വാസികൾക്കറിയാം. അല്ലാഹു പറയുന്നു:

“അപ്പോൾ പൂർവ്വികരുടെ കാര്യത്തിൽ ഉണ്ടായ നടപടിക്രമമല്ലാതെ എന്താണവർ കാത്തിരിക്കുന്നത്? അല്ലാഹുവിൻെറ നടപടിക്രമത്തിന് യാതൊരു ഭേതഗതിയും നീ കണ്ടെത്തുകയില്ല. അല്ലാഹുവിൻെറ നടപടിക്രമത്തിന് യാതൊരു മാറ്റവും നീ കണ്ടെത്തുകയില്ല” (ഫാത്വിർ:43)

1- സത്യവും അസത്യവും അവസാനനാൾവരെ ഏറ്റ്മുട്ടും, ആദം(അ) മു തൽ ഇന്ന്വരെ അത് തുടർന്ന് കൊണ്ടേയിരിക്കുന്നു.

“അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെ നേരെ അവൻ ശിക്ഷാനടപടി സ്വീകരിക്കുമായിരുന്നു. പക്ഷെ, നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് പരീക്ഷിക്കേണ്ടതിനാണ് ഇത്” (മുഹമ്മദ്: 4)

അസത്യത്തെ സത്യം കൊണ്ട് തടയുകയെന്നത് അല്ലാഹു പ്രപഞ്ചത്തിൽ നിശ്ചയിച്ചിട്ടുള്ള മഹത്തായ ഒരു കാര്യമാണ്, അതിന് വിശ്വാസം അനിവാര്യമാണ്, അതിൻെറ ഒരു ഭാഗം തന്നെയാണ് അല്ലാഹുവിനോടും, റസൂലിനോടും എതിര് പ്രവർത്തിക്കുന്നവരെ വെറുക്കുകയും അവർക്ക് സത്യം വെളിവാക്കി കൊടുക്കുകയും ചെയ്യുകയെന്നത്. മുൻകഴിഞ്ഞ ഒരുപാട് പ്രവാചകന്മാരും ദൂതന്മാരും സദ്വൃത്തരും അക്രമിക്കപ്പെടുകയും, പരീക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്, സകരിയ്യ, യഹ്യാ(അ) എന്നീപ്രവാചകന്മാർ വധിക്കപ്പെട്ടു, മൂസാ ഈസാ, മുഹമ്മദ് (സ) എന്നിവർ അക്രമിക്കപ്പെട്ടു, ബിലാൽ(റ) മർദ്ധിക്കപ്പെട്ടു, ഹംസ(റ) വധിക്കപ്പെട്ടു, അദ്ദേഹത്തിൻെറ കരൾ അക്രമികൾ ചവച്ച് തുപ്പുകയും അംഗഛേദം വരുത്തുകയും ചെയ്തു, പക്ഷെ, അദ്ദേഹം അല്ലാഹുവിൻെറയടുത്ത് സയ്യിദ് ശുഹദാഅ് (രക്ത സാക്ഷികളുടെ നേതാവ്) ആണ്. അല്ലാഹു പറയുന്നു:

“അലിഫ്-ലാം-മീം”, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നത് കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കുകയാണോ. അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുക തന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും” (അൻകബൂത്:1-3) വിശ്വാസികൾ അവരുടെ ഈമാനിനനുസരിച്ച് പരീക്ഷിക്കപ്പെട്ട് കൊണ്ടിരിക്കും, ഒരു ഹദീസിൽ ഇപ്രകാരം കാണാവുന്നതാണ് “കൂടുതൽ പരീക്ഷണങ്ങൾക്ക് വിധേയമാകുന്നത് പ്രവാചകന്മാരാകുന്നു”. അല്ലാഹു പ്രപഞ്ചത്തിൽ മാറ്റം കൂടാതെ നിശ്ചയിച്ചിട്ടുള്ള മറ്റൊന്നാണ് താഴെ വരുന്ന ആയത്തിൽ പറയുന്നത്:

“ഏതൊരു ജനതയും തങ്കളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് മാറ്റം വരുത്തുകയില്ല, തീർച്ച” (റഅദ്:11)

“നിങ്ങൾക്ക് ഒരു വിപത്ത് നേിട്ടു. അതിൻെറ ഇരട്ടി നിങ്ങൾ ശത്രുക്കൾക്ക് വരുത്തിവെച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും നിങ്ങൾ പറയുകയാണോ; ഇതെങ്ങനെയാണ് സംഭവിച്ചതെന്ന്? (നബിയെ,) പറയുക; അത് നിങ്ങളുടെ പക്കൽനിന്ന് തന്നെ ഉണ്ടായതാകുന്നു” (ആലുഇംറാൻ:165) മനസ്സിൽ മാറ്റം വരുത്തുന്നതിനനുസരിച്ച് അല്ലാഹു ബാഹ്യമായിട്ടുള്ള അവസ്ഥയേയും മാറ്റുന്നതാണ്, നന്മയാണെങ്കിൽ നന്മയിലേക്കും തിന്മയാണെങ്കിൽ തിന്മയിലേക്കും. അല്ലാഹു ഒട്ടും അനീതി ചെയ്യുന്നവനല്ല.

2- അല്ലാഹു പറയുന്നു: “ആ(യുദ്ധ)ദിവസങ്ങളിലെ ജയാപജയങ്ങൾ ആളുകൾക്കിടയിൽ നാം മാറ്റി കൊണ്ടിരിക്കുന്നതാണ്. വിശ്വസിച്ചവരെ അല്ലാഹു തിരിച്ചറിയുവാനും, നിങ്ങളിൽ നിന്ന് രക്ത സാക്ഷികളെ ഉണ്ടാക്കി തീർക്കുവാനും കൂടിയാണത്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല” (ആലുഇംറാൻ:140) ഈ ആയത്തിലടങ്ങിയ ആശയം അല്ലാഹു ഉദ്ദേശിക്കുന്ന രൂപത്തിൽ കാര്യങ്ങൾ ഓരോന്നും മാറി മറിഞ്ഞ് കൊണ്ടിരിക്കും എന്നതാണ്. ഐശ്വര്യ പൂർണമായ ദിനത്തിന് പകരമായി ദൂരിതപൂർണമായ ദിവസങ്ങൾ മാറ്റി കൊണ്ട് പരീക്ഷിക്കുന്നതിലൂടെ രക്തസാക്ഷിത്വം നൽകുന്നതോടൊപ്പം തന്നെ വിശ്വാസികളെ കപട വിശ്വാസികളിൽ നിന്ന് വേർതിരിക്കുവാനും സാധിക്കുന്നതാണ്.



3- മുൻ കഴിഞ്ഞ സമുദായം അതിക്രമം നടത്തുകയും, അതിര് ലംഘിക്കുകയും ചെയ്തപ്പോൾ അല്ലാഹു അവരെ നശിപ്പിക്കുകയുണ്ടായി.

“ഇവർക്ക് മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിട്ടുണ്ട് എന്ന വസ്തുത ഇവർക്ക് നേർ വഴികാണിച്ചില്ലേ,? അവരുടെ വാസ സ്ഥലങ്ങളിലൂടെ ഇവർ സഞ്ചരിച്ച് കൊണ്ടിരിക്കുന്നല്ലോ. തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്. എന്നിട്ടും ഇവർ കേട്ടു മനസ്സിലാക്കുന്നില്ലേ?” (സജദ:26) അല്ലാഹു പറയുന്നു:

“(നബിയെ,) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്നു നോക്കുക. അവരിൽ അധികപേരും ബഹുദൈവരാധകരായിരുന്നു” (റൂം: 42)

4- അല്ലാഹു പറയുന്നു: “നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുന്നതാണ്” (മുഹമ്മദ്:7) അല്ലാഹുവിൻെറ കൽപനകൾ യഥാവിധം ജീവിതത്തിൽ പകർത്തിക്കൊണ്ട് അല്ലാഹുവിനെ സഹായിക്കുന്ന വിശ്വാസികൾക്ക് അല്ലാഹു സഹായം നൽകുമെന്നുള്ള വാഗ്ദാനം നൽകിയിരിക്കുന്നു. അല്ലാഹു പറയുന്നു: “തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു” (ഹജ്ജ്: 40)

5- അവിശ്വാസികൾ എത്ര തന്നെ അതിക്രമം പ്രവർത്തിച്ചാലും, എത്ര തന്നെ ശക്തരായാലും ശരി അവസാനം സഹായവും, നന്മയുമുള്ളത് വിശ്വാസികൾക്കും മുത്തഖീങ്ങൾക്കും മാത്രമാകുന്നു.

“ദൂതന്മാരായി നിയോഗിക്കപ്പെട്ട നമ്മുടെ ദാസന്മാരോട് നമ്മുടെ വചനം മുമ്പേ ഉണ്ടായിട്ടുണ്ട്. തീർച്ചയായും അവർ തന്നെയായിരിക്കും സഹായം നൽകപ്പെടുന്നവരെന്നും, തീർച്ചയായും നമ്മുടെ സൈന്യം തന്നെയാണ് ജേതാക്കളായിരിക്കുക എന്നും” (സ്വാഫഫാത്ത്:171-173)

“ഭൂമിയുടെ അനന്തരാവകാശമെടുക്കുന്നത് എൻെറ സദ്വൃത്തരായ ദാസന്മാരായിരിക്കും എന്ന് ഉദ്ബോധനത്തിനു ശേഷം നാം സബൂറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും ഇതിൽ ആരാധനാനിരതരായ ആളുകൾക്ക് ഒരു സന്ദേശമുണ്ട്” (അൻബിയാ- 105-106) ഇമാം അഹ്മദ് തൻെറ മുസ്നദിൽ ഉദ്ദരിക്കുന്നു: തമീമുദ്ദാരിയിൽ നിന്നും നിവേദനം: “പ്രവാചകതിരുമേനി(സ) പറയുന്നതായി ഞാൻ കേട്ടു,: “ഈ കാര്യം രാപകലുകൾ എത്തുന്ന എല്ലാ സ്ഥലത്തും വ്യാപിക്കുന്നതാണ്, അല്ലാഹു പട്ടണങ്ങളിലേയോ, കുഗ്രമങ്ങളിലേയൊ ഒരു വീടും തന്നെ അതിൻെറ ഐശ്വര്യത്തോടെ തന്നെ ഈ മതം എത്തിക്കാതിരിക്കുകയില്ല” (അഹ്മദ്)

അല്ലാഹുവിൻെറ ദാസനും ദൂതനുമായ മുഹമ്മദ് നബി(സ)യിലും, കുടുംബാദികളിലും, അവരെ നന്മയിൽ പിൻപറ്റിയവരിലും അനുഗ്രഹാശിസുകൾ വർഷിക്കുമാറാവട്ടെ. അല്ലാഹുവിനാണ് സർവ്വസ്തുതിയും. ആമീൻ.

ഈ വിഷയത്തിൽ കൂടുതലറിയുവാൻ വായിക്കുക:

1- അബൂന്നസ്വർ ശൽബിയുടെ അസ്റാഥുസ്സാഅ.

2- തുവൈജിരിയുടെ ഇത്തിആഫുൽ ജമാഅ ബിമാ ജാഅ ഫീ അശ്റാത്തുസ്സാഅ.

3- വാബിലിയുടെ അശ്റാത്തുസ്സാഅ:

ഈ വിഷയത്തിലുള്ള കാസറ്റുകൾ:

സ്വാലിഹ് മുനജ്ജിദിൻെറ നള്റത്തുൻ ശറഹിയ്യ:, മാ ദാതഫ്ഹലും ഫിൽ ഫിത്ന വഇശ്തിബാഉൽ ഉമൂർ.

കൂടുതൽ അറിയുവാനും, പഠിക്കുവാനും ബന്ധപ്പെടുക:
ജുബൈൽ ദഅ്വാ സെൻറർ
ഫോൺ: 03- 3625500 Ex; 1030



المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل
قسم الجاليات المسلمة

# موقف المسلم من الفتن

ترجمة: سيد سعفر صادق
الداعية بمكتب الدعوة وتوعية الجاليات بالجبيل

# ഫിത്നകളിൽ മുസ്ലിമിൻെറ നിലപാട്

വിവർത്തനം:
സയ്യിദ് സഹ്ഫർ സ്വാദിഖ്
ജുബൈൽ ദഅ്വ സെൻറർ

رقم العام

مليالم